**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ചാലക്കുടി നഗരസഭയുടെ സ്റ്റേഡിയം വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന വകയിൽ ധനകാര്യ കമ്മീഷന്റെ വിഹിതം ഉപയോഗിച്ച് നിർവ്വഹിക്കേണ്ട SO 27/18 നമ്പർ പദ്ധതിയ്ക്കായി വകയിരുത്തിയ 3,40,47,185/- രൂപയും 2017-18 വർഷത്തെ പ്രൊജക്ടുകളിലെ സേവിങ്സ് തുകയും എൽ.എ.ആർ. കേസുകളിലേക്ക് അടവാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.672/18 /ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 13.03.2018.

---

പരാമർശം: 1. ചാലക്കുടി നഗരസഭ കൗൺസിലിന്റെ 15.12.2017 ലെ 2-ാം നമ്പർ തീരുമാനം.

2.ചാലക്കുടി നഗരസഭാ ചെയർപേഴ്സന്റെ 06/03/2018 ലെ ആർ 3-12195/10(1) നമ്പർ കത്ത്

**ഉത്തരവ്**

ചാലക്കുടി നഗരസഭയിൽ 2017-2018 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയാത്ത പ്രവർത്തികൾക്ക് വകയിരുത്തിയ തുക മേഖലാ വിഭജനത്തിനതീതമായി എൽ.എ.ആർ. കേസുകളിലെ ബാദ്ധ്യത ഒടുക്കുന്നതിന് അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അപേക്ഷിക്കാൻ പരാമർശം (1) തീരുമാനിച്ചിരുന്നു.

നഗരസഭ സ്റ്റേഡിയം വികസനത്തിനായി സ്ഥലം ഏറ്റെടുത്ത വകയിൽ 28,92,45,581/- രൂപ ആവശ്യമാണെന്നും എൽ.എ.ആർ കേസുകൾ ജപ്തി നടപടികൾ നേരിടുകയാണെന്നും പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. 2017-18 വർഷത്തെ ധനകാര്യ കമ്മീഷന്റെ വിഹിതം ഉപയോഗിച്ച് നിർവ്വഹിക്കേണ്ട SO 27/18 നമ്പർ പദ്ധതിയുടെ തുകയായ 3,40,47,185/- രൂപ ചില സാങ്കേതിക കാരണങ്ങളിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും ടി പ്രൊജക്ടിന് വകയിരുത്തിയ തുകയും 2017-18 വർഷത്തെ പ്രൊജക്ടുകളിലെ സേവിങ്സ് തുകയും എൽ.എ.ആർ. കേസുകളിലേക്ക് അടവാക്കുന്നതിനുള്ള അനുമതിയ്ക്കായി നഗരസഭാ ചെയർപേഴ്സൻ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി നഗരസഭയുടെ സ്റ്റേഡിയം വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന വകയിൽ ധനകാര്യ കമ്മീഷന്റെ വിഹിതം ഉപയോഗിച്ച് നിർവ്വഹിക്കേണ്ട SO 27/18 നമ്പർ പദ്ധതിയ്ക്കായി വകയിരുത്തിയ 3,40,47,185/- രൂപയും 2017-18 വർഷത്തെ പ്രൊജക്ടുകളിലെ സേവിങ്സ് തുകയും എൽ.എ.ആർ. കേസുകളിലേക്ക് അടവാക്കുന്നതിന് ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ. ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചെയർപേഴ്സൻ, ചാലക്കുടി നഗരസഭ
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ